39 (1876) മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മരംകയറ്റതൊഴിലാളി ക്ഷേമപദ്ധതി പ്രകാരം അപകടത്തിൽപ്പെടുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും എത്ര രൂപയാണ് ആശ്വാസധനസഹായമായി നിലവിൽ നൽകിവരുന്നത്; പ്രസ്തുത തുക വർധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം തീർപ്പ് കൽപ്പിച്ച് ധനസഹായം കിട്ടുവാൻ അർഹതപ്പെട്ടവർ എത്രയുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക എപ്പോൾ കൊടുത്തുതീർക്കാൻ സാധിക്കും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 10,000/ രൂപ.

ഈ തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	-	14
കൊല്ലം	-	3
പത്തനംതിട്ട	-	4
ആലപ്പുഴ	-	5
കോട്ടയം	-	5
ഇടുക്കി	-	3
എറണാകുളം	-	9
തൃശ്ശൂർ	-	2
പാലക്കാട്	-	ഇല്ല
മലപ്പുറം	-	4
കോഴിക്കോട്	-	8
വയനാട്	-	3
കണ്ണൂർ	-	9
കാസർകോട്	-	ഇല്ല

(സി) 31.12.1999 ന് മുമ്പ്

40 (1877) സംസ്ഥാനത്തെ സിനിമാശാല തൊഴിലാളികളുടെ മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly